ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 11.01.2025

# പ്രധാനവാർത്തകൾ

1. വികസിത് ഭാരത് യുവനേതൃ സംവാദം നാളെ; കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ മൂവായിരത്തോളം യുവ നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും.

2. കയറുൽപ്പന്ന കയറ്റുമതിയിൽ രാജ്യം ഗണ്യമായ പുരോഗതി കൈവരിച്ചെന്ന് കേന്ദ്രമന്ത്രി ജീത്തൻ റാം മാംഝി; കൊച്ചിയിലും അരൂരും കയർമേഖലകൾ സന്ദർശിച്ച് കേന്ദ്രമന്ത്രി.

3. ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ടുള്ള ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഈ മാസം 14ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

4. ഭാവഗായകൻ പി ജയചന്ദ്രൻ ഇനി ഓർമ; പൂർണ ഔദ്യോഗിക ബഹുമതികളോടെ കേരളം വിടചൊല്ലി.

5. സംസ്ഥാനത്തെ 4 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ്.

6. രണ്ടാമത് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ മേളയ്ക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാകും.

****************************************

## അനഘ - ഇൻട്രോ

സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വികസിത് ഭാരത് യുവനേതൃ സംവാദം 2025ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. രാജ്യത്തുടനീളമുള്ള മൂവായിരത്തോളം യുവ നേതാക്കളുമായി ശ്രീ മോദി സംവദിക്കും. കേരളത്തിൽ നിന്ന് 39 പേരാണ് പങ്കെടുക്കുന്നത്. വികസിത് ഭാരത് യുവനേതൃ സംവാദത്തിലേക്കുള്ള യാത്രാനുഭവം **ആകാശവാണി വാർത്തകളുമായി പങ്കുവയ്ക്കുകയാണ് കണ്ണൂർ സ്വദേശിനി അനഘ എം....**

**(ഹോൾഡ് വോയ്സ്.........)**

RNU TVPM

************************************

## ജീത്തൻ റാം മാംഝി

കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ രാജ്യം കഴിഞ്ഞ സാമ്പത്തിക വർഷം വലിയ പുരോഗതി കൈവരിച്ചതായി കേന്ദ്രമന്ത്രി ജീത്തൻ റാം മാംഝി. 2014 -15 കാലയളവിൽ 1630 കോടി രൂപയായിരുന്ന കയറ്റുമതി കഴിഞ്ഞ സാമ്പത്തിക വർഷം 3388 കോടി രൂപയായി ഉയർന്നുവെന്ന് അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൊച്ചിയിലെ കയർ ബോർഡ് ആസ്ഥാനത്ത് നടന്ന അവലോകന യോഗത്തിൽ മന്ത്രി പങ്കെടുത്തു. അരൂരിലെ കയർ ഉൽപ്പന്ന യൂണിറ്റുകളും അദ്ദേഹം സന്ദർശിച്ചു.

************************************

## ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്

ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഈ മാസം 14നും 15നും കൊച്ചിയിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോൺക്ലേവിന് മുന്നോടിയായി തിങ്കളാഴ്ച രാജഗിരി കോളേജിൽ 'സ്റ്റഡി ഇൻ കേരള' എന്ന വിഷയത്തിൽ ശിൽപശാല സംഘടിപ്പിക്കുമെന്നു മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

***********************************

## പി ജയചന്ദ്രൻ

കാലാതിവർത്തിയായ പതിനായിരത്തിലേറെ ഗാനങ്ങളിലൂടെ ആസ്വാദകമനം കവർന്ന ഭാവഗായകൻ പി ജയചന്ദ്രൻ ഇനി ഓർമകളിൽ. എറണാകുളം പാലിയത്തെ തറവാട്ടു വീട്ടുവളപ്പിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടന്നു. മന്ത്രിമാരായ ആർ ബിന്ദുവും എം ബി രാജേഷും സജി ചെറിയാനും പ്രതിപക്ഷ നേതാവ് വി ഡി സതീശനും വീട്ടിലെത്തി ആദരാഞ്ജലി അർപ്പിച്ചു. പ്രിയഗായകന് ശ്രദ്ധാഞ്ജലി അർപ്പിക്കാൻ നൂറുകണക്കിന് ആരാധകരും എത്തിച്ചേർന്നു.

PRD TVPM

***********************************

## നാഷണൽ സർവിസ് സ്കീം - ഇൻട്രോ

സംസ്ഥാനത്ത് നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ലോകമെമ്പാടും പുതുമാതൃക സൃഷ്ടിക്കുകയാണെന്ന് മന്ത്രി വി. ശിവൻകുട്ടി. കഴിഞ്ഞ വർഷത്തെ ഹയർ സെക്കൻഡറി നാഷണൽ സർവിസ് സ്കീം സംസ്ഥാനതല

പുരസ്കാരവിതരണം കൊല്ലം കരിക്കോട് ടി.കെ.എം എൻജിനിയറിങ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്......)

***********************************

## ദേശീയ ഗുണനിലവാര അംഗീകാരം

സംസ്ഥാനത്തെ 4 ആരോഗ്യ സ്ഥാപനങ്ങൾക്കു കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്, എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ചതായി മന്ത്രി വീണ ജോർജ്. കൊല്ലം ജില്ലയിലെ അലയമൺ, തിരുവനന്തപുരത്തെ കോരണംകോട്, എറണാകുളത്തെ കട്ടിങ് പ്ലാന്റേഷൻ, വയനാട്ടിലെ വടക്കനാട് എന്നീ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് ദേശീയ അംഗീകാരം ലഭിച്ചത്. ഇതോടെ സംസ്ഥാനത്തെ 197 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചു.

RNU TVPM

***********************************

## കേന്ദ്ര കുടുംബ ക്ഷേമസംഘം - കണ്ണൂർ

വിവിധ ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ് പരിശോധിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പ്രാദേശിക ഓഫീസിൽ നിന്നുള്ള സംഘം കണ്ണൂർ ജില്ല സന്ദർശിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങൾ പരിശോധിച്ച സംഘം, പകർച്ച-പകർച്ചേതര വ്യാധികളുടെ വ്യാപനം വിലയിരുത്തി.

***********************************

## വി. അബ്ദുറഹ്മാൻ

ലോകത്തിലെ മൂന്നിലൊരു ഭാഗം ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കിയ സഹകരണ സ്ഥാപനങ്ങൾ ഈ കാലഘട്ടത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് മന്ത്രി വി. അബ്ദുറഹ്മാൻ. നിറമരുതൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മലപ്പുറം ജില്ലയിലെ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

***********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40ന് പ്രക്ഷേപണം ചെയ്യും. ഇന്ന് 6.30-ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

RNU TVPM

***********************************

## ശബരിമല-മകരവിളക്ക്

മകരവിളക്കിനൊരുങ്ങി സന്നിധാനവും പരിസരവും. മകരസംക്രമ പൂജയ്ക്കായി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണങ്ങളും വഹിച്ചുള്ള തിരുവാഭരണ ഘോഷയാത്ര നാളെ ഉച്ചയ്ക്ക് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നു പുറപ്പെടും.

***********************************

## ഇടുക്കി - ഇൻട്രോ

മകരവിളക്ക് ദർശനത്തിനായുള്ള ഒരുക്കങ്ങൾ ഇടുക്കി

ജില്ലയിൽ പൂർത്തിയായി. കുമളിയിൽ നിന്ന് 50 കെ.എസ്.ആർ.ടി.സി ബസ്സുകൾ, ദർശന സൗകര്യത്തിന് എൽ.ഇ.ഡി ഭിത്തികൾ എന്നിവയടക്കമുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

************************************

## ആരോഗ്യവകുപ്പ് - ശബരിമല

തീർഥാടന കാലത്ത് അടിയന്തരഘട്ടങ്ങൾ നേരിടാനായി മെഡിക്കൽ ഓഫീസർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കരുതൽ പട്ടിക തയാറാക്കിയിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് നോഡൽ ഓഫീസർ ഡോ. ശ്യാംകുമാർ അറിയിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തിങ്കളാഴ്ച മുതൽ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ 72 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിക്കും.

RNU TVPM

************************************

## എരുമേലി പേട്ടതുള്ളൽ - ഇൻട്രോ

ശബരിമല തീർത്ഥാടനത്തിലെ പ്രധാന ഇടത്താവളമായ എരുമേലിയിൽ മകരവിളക്കിന് മുന്നോടിയായി പേട്ടതുള്ളൽ നടന്നു. അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ പേട്ട കെട്ടി. അമ്പലപ്പുഴ സംഘത്തിന്റെ പേട്ട തുള്ളൽ രാവിലെ ആരംഭിച്ചു. ഉച്ചകഴിഞ്ഞ് മൂന്നോടെ ആലങ്ങാട് സംഘത്തിന്റെ പേട്ട കെട്ടിനും തുടക്കമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.**

(വോയ്സ്)

************************************

## വീണ വിദുഷി - എൻ ലളിത

വീണവാദനത്തിലെ മികവിന് രാഷ്ട്രപതിയിൽ നിന്നു തങ്കവീണ സമ്മാനമായി ലഭിച്ച കലാകാരി എൻ ലളിത തിരുവനന്തപുരത്ത് അന്തരിച്ചു. 84 വയസായിരുന്നു. ആകാശവാണി സംഗീതമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയതിനായിരുന്നു രാഷ്ട്രപതിയുടെ അംഗീകാരം.

************************************

## സെവൻസ് ഫുട്ബോൾ മേള

രണ്ടാമത് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ മേളയ്ക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാവും. ഫറോക്ക് നല്ലൂർ, ഇ. കെ. നായനാർ സ്മാരക മിനി സ്റ്റേഡിയത്തിൽ രാത്രി 8.30 ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

RNUTVPM

************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മോഹൻബഗാൻ-ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30ന് ഗുവാഹാട്ടിയിലാണ് മത്സരം.

************************************

## പെട്രോൾ പമ്പ് - പണിമുടക്ക്

വിവിധ ആവശ്യങ്ങളുന്നയിച്ച് പെട്രോൾ പമ്പുകൾ തിങ്കളാഴ്ച പണിമുടക്കും. വിവിധ ഇടങ്ങളിൽ ഗോഡൗണുകളിൽ അനധികൃതമായി പെട്രോളിയം

ഉല്പന്നങ്ങൾ സൂക്ഷിക്കുന്ന സംഭവങ്ങളിൽ നടപടി ആവശ്യപ്പെട്ടാണ് സമരം. HPCL എലത്തൂർ ഡിപ്പോയിൽ ചർച്ചക്ക് എത്തിയ അസോസിയേഷൻ ഭാരവാഹികളും ലോറി ഡ്രൈവർമാരും തമ്മിലുണ്ടായ പ്രശ്നവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ പെട്രോൾ പമ്പുകൾ ഇന്ന് വൈകിട്ട് സൂചന സമരം നടത്തി.

***********************************

## അവധി

കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ അവസാന ദിനമായ ഈ മാസം 13 തിങ്കളാഴ്ച മ്യൂസിയവും മൃഗശാലയും തുറന്ന് പ്രവർത്തിക്കും. ഇതിന് പകരം മൃഗശാലയ്ക്ക് ചൊവ്വാഴ്ച അവധി നൽകും.

***********************************

## മൊബൈൽ ഔട്ട്ബ്രേക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റ് പരിസരത്ത് തിങ്കളാഴ്ച ഫ്ലാഗ്ഓഫ് ചെയ്യും. സാമ്പിൾ ശേഖരണം, ദ്രുതഗതിയിലുള്ള രോഗനിർണയം, ശീതശൃംഖലാ സാഹചര്യങ്ങളിൽ സാമ്പിളുകൾ കൂടുതൽ പഠനങ്ങൾക്കായി എത്തിക്കൽ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങളും, അവ കൈകാര്യം ചെയ്യാൻ വൈദഗ്ധ്യമുള്ള സംഘവും യൂണിറ്റിന്റെ ഭാഗമാണ്.

***********************************

RNU TVPM

## മൈക്രോബയോളജി ലാബ്

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിനായി തിരുവനന്തപുരം ഗവണ്മെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ സജ്ജീകരിച്ച ദേശീയ നിലവാരത്തിലുള്ള മൈക്രോബയോളജി ലാബിന്റെ ഉദ്ഘാടനം ഈ മാസം 15 ന് മന്ത്രി വീണ ജോർജ് നിർവഹിക്കും. ഇതിലൂടെ ഭക്ഷ്യ വസ്തുക്കളുടെ പരിശോധനയിൽ കേരളത്തിന് ഉയർന്ന നിലവാരത്തിൽ എത്താനാകും. നിലവിൽ എറണാകുളം, കോഴിക്കോട് ലാബുകളിൽ ദേശീയ നിലവാരത്തിൽ സജ്ജീകരിച്ച മൈക്രോ ബയോളജി ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

*************************************

## സ്വർണ വില

സ്വർണ വിലയിൽ വർധന. സ്വർണം ഗ്രാമിന് 30 രൂപ ഉയർന്ന് 7,315 രൂപയും, പവന് 240 രൂപ വർധിച്ച് 58,520 രൂപയുമായി.

RNU TVPM

********************************************************
*************************************
**********************